**Malabar Regional Co-operative Milk Producers' Union Ltd.**
**Head Office, Peringolam, Kunnamangalam, Kozhikode-673 571, Kerala**
Website: www.malabarmilma.com • E-mail:mrcmpu@malabarmilma.coop • Phone 0495-2805407, 420, 428

No.MRU: ENGG: AGB: 2026-27: 14.07.2026

# റീ ടെണ്ടർ നോട്ടീസ്

23.09.2026-ാം തിയ്യതിയിൽ മലബാർ മിൽമയുടെ പൊതുയോഗ മീറ്റിംഗ് സംഘടിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കോഴിക്കോട് നഗരപരിധിയിൽ 1500 പേർക്ക് ഇരിക്കാൻ സൗകര്യമുള്ള എയർകണ്ടീഷൻ ചെയ്ത ഹാളും, ഭക്ഷണ ക്രമീകരണങ്ങൾക്കും, സ്റ്റേജ്, ഓഡിയോ, വീഡിയോ, ലൈറ്റ്&സൗണ്ട് എന്നീ സജ്ജീകരണങ്ങൾക്കുമായി വേദി നൽകുന്നതിനായി ടെണ്ടറുകൾ ക്ഷണിക്കുന്നു.

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തിയ്യതി : 21.07.2026 ഉച്ചയ്ക്ക് 3 മണി വരെ.
ടെണ്ടർ തുറക്കുന്ന സമയം : 21.07.2026 ഉച്ചയ്ക്ക് 3:30 ന്.

**നിബന്ധനകളും വിശദാംശങ്ങളും**

1. മേൽപ്പറഞ്ഞ ഹാൾ കോഴിക്കോട് നഗരപരിധിയിൽ ആയിരിക്കണം.
2. ഹാളിൽ 1500 ആളുകൾക്ക് ഇരിക്കുന്നതിനും 40*25 അടി വലിപ്പമുള്ള സ്റ്റേജ് നിർമ്മിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായിരിക്കണം.
3. ഒരേ സമയം കുറഞ്ഞത് 500 പേർക്ക് ഭക്ഷണം കഴിക്കാൻ പാകത്തിന് സ്ഥലസൗകര്യം ഹാളിൽ ഉണ്ടായിരിക്കേണ്ടതാണ്.
4. ഹാൾ മുഴുവനായും എയർകണ്ടീഷൻ ചെയ്തതായിരിക്കണം.
5. പരിപാടിയിൽ പങ്കെടുക്കുന്ന വിവിധ ജില്ലകളിൽ നിന്നും വരുന്ന ആളുകളുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള വിശാലമായ പാർക്കിംഗ് സൗകര്യം ഉണ്ടായിരിക്കണം. (ചുരുങ്ങിയത് 200 കാറുകളും 50 ബസ്സുകളും)
6. ഹാളിൽ ആവശ്യമായ കുടിവെള്ള സൗകര്യം ഉണ്ടായിരിക്കണം.
7. ആവശ്യത്തിനുള്ള വാഷ് ബേസിനുകൾ ഹാളിന് പുറത്ത് അനുയോജ്യമായ സ്ഥലങ്ങളിൽ നൽകണം.
8. ഹാൾ പ്രവർത്തിപ്പിക്കാൻ മതിയായ ശേഷിയുള്ള ഡീസൽ ജനറേറ്ററും അതിനു പ്രവർത്തിക്കാൻ ആവശ്യമായ ഡീസലും കരാറുകാരൻ തന്നെ നൽകണം.
9. ഹാളിനു അകത്തും പുറത്തും, പാർക്കിംഗ് സ്ഥലത്തും മറ്റു അനുബന്ധ സ്ഥലങ്ങളിലും മതിയായ ലൈറ്റിംഗ് ഉണ്ടായിരിക്കണം.
10. മതിയായ എണ്ണത്തിലും വൃത്തിയുള്ളതുമായ ടോയിലറ്റ് സൗകര്യം ഹാളിൽ നിർബന്ധമായും ലഭ്യമാക്കണം.
11. പരിപാടിയുടെ സുഗമമായ നടത്തിപ്പിനായുള്ള മുൻകൂർ ക്രമീകരണങ്ങൾക്കായി, മീറ്റിംഗ് സംഘടിപ്പിക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ദിവസത്തിന്റെ തലേദിവസം ഹാൾ വിട്ടുനൽകേണ്ടതാണ്.
12. പരിപാടിക്ക് അനുയോജ്യമായ എല്ലാ സൗകര്യങ്ങളും പരിശോധിച്ച ശേഷം മാത്രമേ ടെണ്ടറിന്റെ അവസാനഘട്ട അംഗീകാരം ലഭിക്കുകയുള്ളു.
13. മൊത്തവാടക തുകയുടെ പരമാവധി 50 % വരെ ഹാൾ ബുക്കിംഗ് ഇനത്തിൽ അഡ്വാൻസായി നൽകുന്നതാണ്. ബാക്കി തുക പരിപാടി പൂർത്തിയായതിനു ശേഷം അക്കൗണ്ട് ട്രാൻസ്ഫർ/ചെക്ക് ആയി നൽകുന്നതാണ്.
14. മേൽപ്പറഞ്ഞ സൗകര്യങ്ങൾക്ക് ആകെ നൽകേണ്ട വാടക തുക എല്ലാ നികുതികളും ഉൾപ്പെടെ ടെണ്ടറിൽ കാണിക്കേണ്ടതാണ്.
15. ഇത്തരം സൗകര്യങ്ങളില്ലാതെ സമർപ്പിക്കുന്ന ടെണ്ടറുകൾ നിരസിക്കുന്നതാണ്.

ടെണ്ടറുകൾ സ്വീകരിക്കുവാനും കാരണം കാണിക്കാതെ തിരസ്കരിക്കുവാനുമുള്ള അധികാരം മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

**മാനേജിംഗ് ഡയറക്ടർ**